➩ ഈ വിലപ്പെട്ട വസ്തുക്കൾ സ്വാഭാവിക വനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല ➩

# സംരക്ഷണമോ ധൂർത്തോ, എന്താണ് വേണ്ടത്?

പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ടിനെ കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയുടെ റിപ്പോർട്ട് വേണ്ടവിധം വിശകലനം ചെയ്യുകയോ, പരിപോഷിപ്പിക്കുകയോ ചെയ്യുന്നില്ല. ചില ബദൽ ചട്ടക്കൂടുകളും ശുപാർശകളും മുന്നോട്ടുവയ്ക്കുന്നുവെന്ന് മാത്രം.

■ **മാധവ് ഗാഡ്ഗിൽ, ലിജിയ നൊറോണ**

**പശ്ചിമഘട്ടം** ഒരു സാധാരണ ആവാസ വ്യവസ്ഥയല്ല. 245 ദശലക്ഷം ജനങ്ങൾക്ക് വെള്ളം നല്കുന്ന ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ ജലഗോപുരമാണ് അത്. ജൈവവൈവിധ്യത്തിന്റെ അളവറ്റ നിധികൂടിയാണത്. ജൈവവൈവിധ്യത്തെക്കുറിച്ച് സംഘടിപ്പിച്ച സമ്മേളനം, വ്യത്യസ്ഥങ്ങളായ ഈ ഘടകങ്ങൾക്ക് മേലുള്ള പരമോന്നതാവകാശം നമുക്ക് അനുവദിച്ചു തന്നിട്ടുണ്ട്. ഇന്ത്യ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ഗവേഷണകാര്യങ്ങളിൽ കാര്യമായ പങ്കുവഹിക്കുകയും അവ ഉപയോഗിക്കുന്നതിലൂടെയുണ്ടാകുന്ന കമ്പോളലാഭത്തിന്റെ ഒരു പങ്ക് അവകാശപ്പെടേണ്ടതുമാണ്. മരുന്നുചെടികളും അവയുടെ അവാന്തര വിഭാഗങ്ങളും മാത്രമല്ല വിലപിടിപ്പുള്ള ഘടകങ്ങൾ. പ്രത്യക്ഷത്തിൽ ഉപയോഗ ശൂന്യമെന്നു തോന്നാമെങ്കിലും, ഉരുക്കിനേക്കാൾ ഉറപ്പുള്ള പുതിയ ഇനം പട്ടുനൂലിന്റെ പ്രഭവകേന്ദ്രമായേക്കാവുന്ന എട്ടുകാലി വല വരെ അതിലുൾപ്പെടും. ഈ വിലപ്പെട്ട വസ്തുക്കൾ സ്വാഭാവിക വനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. പശ്ചിമഘട്ട മലനിരകളിലങ്ങോളമിങ്ങോളവും അവ കാണപ്പെടുന്നു. ജൈവവൈവിധ്യത്തിന്റെ സമ്പന്നമായ പരിസരങ്ങൾ തമ്മിൽ ബന്ധപ്പെടുത്തേണ്ടതിന്റെ ആവശ്യത്തിന് ഇവ അടിവരയിടുന്നു.

### എതിർപ്പ്

പശ്ചിമഘട്ടത്തിലെ പ്രാഥമിക സസ്യജാലത്തിന്റെ കേവലം ഏഴ് ശതമാനം മാത്രമേ ഇന്നു നിലനിൽക്കുന്നുള്ളു. വംശനാശ ഭീഷണി നേരിടുന്ന ജീവജാതികൾ നിരവധിയുണ്ട്. 51 എണ്ണം കുറ്റിയറ്റു പോകാറായിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ്, പശ്ചിമഘട്ട മലനിരകളെ ആശ്രയിക്കുന്ന ജനങ്ങളുടെ ആവശ്യപ്രകാരം 2010 മാർച്ചിൽ, സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും 'സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമുള്ള' മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട വിദഗ്ധ സമിതിക്ക് Western Ghats Ecology Expert Panel - WGEEP) രൂപം നൽകുന്നത്. സംസ്ഥാന സർക്കാരുകൾ, തദ്ദേശീയർ, വ്യവസായികൾ എന്നിവരുമായി ചർച്ചകൾ നടത്തിയ ശേഷമാണ് സമിതി റിപ്പോർട്ട് തയ്യാറാക്കിയത്. 2011 ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ട് 2012 മെയ് വരെ ഫയലിൽ തന്നെയായിരുന്നു. പിന്നീട് വെളിച്ചം കണ്ടെങ്കിലും, പ്രാദേശിക ഭാഷയിലേ

**പരിഭാഷ: അജിതൻ**
*(മാധവ് ഗാഡ്ഗിലും ലിജിയ നൊറോണയും പശ്ചിമഘട്ട വിദഗ്ദ്ധ സമിതിയിലെ അംഗങ്ങളായിരുന്നു).*
*കടപ്പാട്: ദി ഹിന്ദു*

ക്ക് മൊഴിമാറ്റം ചെയ്ത ശേഷം കൂടുതൽ വിശദമായ ചർച്ചകൾ നടത്താമെന്നാണ് സമിതി കണക്കുകൂട്ടിയത്. എന്നാൽ അതുനടന്നില്ല. പകരം വളരെ പ്രതികൂലമായ ചുറ്റുപാടുകളാണ് സംജാതമായത്, അഥവാ സൃഷ്ടിക്കപ്പെട്ടത്. ഇത് റിപ്പോർട്ടിനോട് ശത്രുത ജനിപ്പിച്ചു. റിപ്പോർട്ട് അനുവദിക്കുന്നതും നിഷ്കർഷിക്കുന്നതും സംരക്ഷിക്കുന്നതും എന്താണെന്ന് അറിയുന്നതിനുള്ള ശ്രദ്ധാപൂർവ്വമുള്ള ഒരു വായനപോലും നടത്താതെ വികസനം വഴിമുട്ടുമെന്ന് പറഞ്ഞ് സംസ്ഥാന സർക്കാരുകൾ പോലും റിപ്പോർട്ടിനെ എതിർത്തു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ചെയ്തതു പോലെ, സമിതിയുടെ നിർദ്ദേശങ്ങളെയും സോണുകളുടെ അതിർത്തി സംബന്ധിച്ച ചട്ടവട്ടങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാതെ സംസ്ഥാനങ്ങൾ ഒഴിഞ്ഞുമാറി. വിശദമായ ചർച്ചകൾക്കുവേണ്ടിയാണ് സമിതി സോണുകൾ വിഭാവനം ചെയ്തിരുന്നതെങ്കിലും അതെല്ലാം ആവർത്തിച്ച് തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു. റിപ്പോർട്ടിനെക്കുറിച്ച് സമൂലമായ ചർച്ചകൾ സംഭവിക്കേണ്ടതിന് പകരം, അതിന്റെ വിവിധ തലങ്ങളെ വിലയിരുത്താനായി ഒരു ഉന്നതാധികാര സമിതിയെ (High-level working group- HLWG) നിയോഗിക്കാനാണ് മന്ത്രാലയം തീരുമാനിച്ചത്. HLWG നടത്തിയിരിക്കുന്ന വിലയിരുത്തലിനെ മൂന്നു തലങ്ങളിൽ നിന്നുകൊണ്ട് പരിശോധിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 1. നടപടിക്രമങ്ങൾ 2. അപഗ്രഥന രീതി 3. ശുപാർശകൾ

### നടപടിക്രമങ്ങൾ

തത്പരകക്ഷികളിൽ നിന്നു ലഭിച്ച അഭിപ്രായങ്ങൾ WGEEP യുമായി മന്ത്രാലയം പങ്കുവയ്ക്കണമായിരുന്നു. (പശ്ചിമഘട്ട മേഖലയിലുള്ള അൻപതു ദശലക്ഷം ജനങ്ങളിൽ നിന്നും 1750 എണ്ണമാണ് ലഭിച്ചത്.) അവ അതീവ രഹസ്യമാക്കി വയ്ക്കുകയാണുണ്ടായത്. പശ്ചിമഘട്ട വിദഗ്ധ സമിതിയെ നിയോഗിച്ചത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്, അല്ലാതെ പശ്ചിമഘട്ടത്തിലെ ഖനികളുടെ വിശ്വസിക്കാൻ കൊള്ളാത്ത നടത്തിപ്പുകാരല്ല. WGEEP റിപ്പോർട്ടിനെക്കുറിച്ചുള്ള എന്ത് തീരുമാനവും റിപ്പോർട്ട് പ്രാദേശിക ഭാഷയിൽ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കി അവരുടെ മറുപടി ലഭിച്ചതിനു ശേഷം മാത്രമായിരിക്കണമെന്ന സമിതിയുടെ നിർദ്ദേശം മന്ത്രാലയം അപ്പാടെ തള്ളിക്കളയുകയാണുണ്ടായത്. റിപ്പോർട്ടിനെക്കുറിച്ചുള്ള HLWG യുടെ പരിശോധനകൾ പശ്ചിമഘട്ട വിദഗ്ധ സമിതി പാനലുമായുള്ള ഒരു പ്രാഥമിക സംഭാഷണത്തോടെയെങ്കിലും തുടങ്ങണമായിരുന്നു. അധ്യക്ഷനും ഏതാനും ചില അംഗങ്ങളുമായുള്ള ഏറെ വൈകിയ ഒരു കൂടിക്കാഴ്ച മാത്രമാണുണ്ടായത്. ഗാഡ്ഗിൽ സമിതിയുമായി ഒരു ചർച്ച പോലും നടത്താതെയാണ് HLWG തങ്ങളുടെ നിർദ്ദേശങ്ങൾ അന്തിമരൂപം നൽകിയതും റിപ്പോർട്ട് സമർപ്പിച്ചതും. പശ്ചിമഘട്ട വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കണമെന്ന ഉദ്ദേശത്തോടെ ഒരു ബദൽ ചട്ടക്കൂട് രൂപപ്പെടുത്തിയെടുക്കുകയായിരുന്നു താത്പര്യമെന്ന് വ്യംഗ്യം.

### അപഗ്രഥന രീതി

പരിപാലനം, സംരക്ഷണം, പുനരുജ്ജീവനം എന്നീ വീക്ഷണകോണുകളിൽ പശ്ചിമഘട്ടം എന്ന ആവാസവ്യവസ്ഥയെ നോക്കിക്കാണുന്നതിന് പകരം പശ്ചിമഘട്ട വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ ചില വികസന വിഷയങ്ങളെ മാത്രം പ്രത്യേകമായി പുനഃപരിശോധിക്കുകയാണ് HLWG ചെയ്തത്. പശ്ചിമഘട്ടം എന്ന ആവാസവ്യവസ്ഥ ജനങ്ങളെപ്പോലെതന്നെ പരിസ്ഥിതിയെയും ഉൾക്കൊള്ളുന്നതുകൊണ്ട്, ഒരു സാമൂഹ്യ-പാരിസ്ഥിതിക വീക്ഷണത്തോടെയാണ് WGEEP പ്രശ്നങ്ങളെ കൈകാര്യം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ, സമിതി ശുപാർശകൾ തദ്ദേശീയരെ കണക്കിലെടുത്തില്ലെന്നും സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ പരിഗണിച്ചില്ലെന്നും പറയുന്നത് തെറ്റിദ്ധാരണാജനകമാണ്. ജനങ്ങളുടെ ദീർഘകാലാവശ്യങ്ങളായ ജലം, പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ പശ്ചിമഘട്ട ജില്ലകളുടെ മുഖ്യധാരാ വികസന ആസൂത്രണത്തിലേക്ക് കൊണ്ടുവന്നു എന്നതാണ് സമിതി ചെയ്തിട്ടുള്ളത്. പാരിസ്ഥിതിക ആഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുക എന്ന് മാത്രമല്ല, കൂടുതൽ തൊഴിൽദായക പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക-ജൈവ വ്യവസായങ്ങൾ, നിയന്ത്രിതമായ പരിസ്ഥിതിസൗഹൃദ വിനോദ സഞ്ചാരം, വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവ അതിന് ഉദാഹരണങ്ങളാണ്. കാര്യക്ഷമമായി ഊർജ്ജാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പ്രചരണങ്ങളും ന്യായമായ വിതരണ നയങ്ങളും മുന്നോട്ടുവച്ചുകൊണ്ട് നിർദ്ദോഷകരമായ ഊർജ്ജത്തെയും സമിതി ശുപാർശ ചെയ്യുന്നുണ്ട്.

### തെറ്റിദ്ധാരണകൾ

വിവിധ തലങ്ങളിലെ പ്രശ്നങ്ങളെയും പ്ര

യാസങ്ങളെയും കുറിച്ച് കൂലങ്കഷമായ ചർച്ചകളും, കമ്പോള-നിയന്ത്രണ സൂചകങ്ങളെ മുൻനിർത്തി പശ്ചിമഘട്ടത്തിന്റെ ബഹുതല ഭരണനിർവ്വഹണത്തെക്കുറിച്ചുള്ള ഒരു മുഴുവൻ അദ്ധ്യായവും ഉൾപ്പെടുത്തയിട്ടും സമൂഹ്യ വികസന പ്രശ്നങ്ങളെക്കുറിച്ച് യാതൊന്നും സമിതിയുടെ റിപ്പോർട്ടിലില്ലെന്ന ധാരണയാണ് ഉണ്ടായിട്ടുള്ളത്. ശുപാർശകളിന്മേൽ കൂടുതൽ ചർച്ചകൾ നടക്കേണ്ടതുണ്ടെന്ന് ഞങ്ങളും സമ്മതിക്കുന്നു. പക്ഷേ ഇതെല്ലാം വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചതിന് ശേഷമാണ് സംഭവിക്കേണ്ടത്. പാരിസ്ഥിതിക നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. അതുപോലെ ഗ്രീൻ ഇൻഡ്യാ മിഷൻ, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ആന്റ് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി, ദേശീയ വനവത്ക്കരണ പരിസ്ഥിതി വികസന ബോർഡ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അധികാരവും ധനവും തദ്ദേശീയ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനെക്കുറിച്ചും ചർച്ചകൾ നടന്നിരുന്നു. ലാഭകരമായി തോട്ടം നടത്താനാകാത്ത ഉടമകൾക്ക് തങ്ങളുടെ സ്ഥലം വനമായി രൂപാന്തരപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിന് പകരം, കാപ്പിത്തോട്ടങ്ങളൊക്കെ വനങ്ങളായി മാറ്റാൻ സമിതി നിർദ്ദേശിച്ചു എന്നു പറയുന്നത് കൊടഗ് പോലെയുള്ള സ്ഥലങ്ങളിലെ ജനങ്ങളിൽ ഉത്ക്കണ്ഠയുളവാക്കി. അങ്ങനെ യാതൊരു ശ്രമവും നടന്നിട്ടില്ല.

WGEEP റിപ്പോർട്ട് വികസന സാമൂഹ്യ പ്രശ്നങ്ങളെ അവഗണിച്ചിരിക്കുന്നു എന്ന ധാരണ പരത്തിയതും റിപ്പോർട്ട് നടപ്പിലാക്കാനാവാത്തതാണെന്ന് തെറ്റിദ്ധരിപ്പിച്ചതും ദൗർഭാഗ്യകരമായ കാര്യമാണ്. തദ്ദേശീയ സമൂഹങ്ങളുമായി പങ്കുചേർന്ന്, അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി, ശാസ്ത്രീയമായി വിശകലനം ചെയ്ത്, ശാസ്ത്രത്തെ തദ്ദേശീയ സമൂഹത്തിലേക്ക് തിരികെകൊണ്ടുവരാനും, പാരിസ്ഥിതിക ലോല പ്രദേശങ്ങളിൽ അനുവദിക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാരും ജനങ്ങളും ചേർന്ന് അന്തിമ തീരുമാനമെടുക്കുന്ന സംവിധാനമുണ്ടാക്കാനുമാണ് WGEEP ശ്രമിച്ചത്.

HLWG റിപ്പോർട്ടിൽ, വിശദമായ റിമോർട്ട് സെൻസിങ്ങ് കണക്കുകളും സാമൂഹിക വിവരങ്ങളും ഉൾപ്പെടുത്തിയത് കൂടുതൽ വിശദാംശങ്ങൾ വച്ചുകൊണ്ട് സോണുകൾ തിരിക്കുന്നതിന് സഹായകമാകും. പക്ഷേ പാരിസ്ഥിതിക ദുർബലത കണ്ടെത്താൻ ചുരുക്കം ചില മാനദണ്ഡങ്ങളേ ഉപയോഗിച്ചു കാണുന്നുള്ളു. അനിതര സാധാരണമായ ഈ ആവാസ വ്യവസ്ഥയുടെ മൃദുലത നിർവചിക്കാൻ ഇത്രയും മാനദണ്ഡങ്ങൾ മതിയോ എന്ന് ഞങ്ങൾ സംശയിക്കുന്നു. നിലവിലുള്ള നിയന്ത്രണങ്ങളും പ്രചോദകങ്ങളും, പരിസ്ഥിതിക്ക് ദോഷകരമായ പ്രവൃത്തികളിലേർപ്പെടുന്നവരുടെ മനപരിവർത്തനത്തിന് സഹായകമാകുമോ എന്നും നിശ്ചയമില്ല. ഇത്തരം ദോഷകരമായ പ്രവർത്തനങ്ങൾ കാരണം ജീവനും സ്വത്തും ശുദ്ധജലവും ആരോഗ്യവും ഉപജീവനമാർഗ്ഗങ്ങളും നഷ്ടമാകുന്ന ജനങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ടാണ് ശക്തമായ മേൽനോട്ടത്തിന്റെയും നിയന്ത്രണത്തിന്റെയും ആവശ്യകതയുണ്ടെന്ന് ഞങ്ങൾ നിർദ്ദേശിച്ചത്. അക്കാര്യത്തിലാണ് ഏറ്റവും കൂടുതൽ സമ്മർദ്ദങ്ങളുണ്ടായത്, തർക്കങ്ങളും.

## ശുപാർശകൾ

പശ്ചിമഘട്ടത്തിലെ കേവലം 37 ശതമാനം മേഖല മാത്രം പാരിസ്ഥിതികത മൃദുല പ്രദേശമാക്കണമെന്നാണ് HLWGയുടെ അഭിപ്രായം. ബാക്കിയുള്ള സ്ഥലങ്ങളിലെ സംരക്ഷണ കവചങ്ങൾ അത് തള്ളിക്കളയുന്നു. ശേഷിക്കുന്ന 63 ശതമാനം സ്ഥലങ്ങളിൽ ഹരിതവത്കരണത്തിനായി മുന്നോട്ട് വച്ചിരിക്കുന്ന പ്രചോദകങ്ങൾ പതിവ് കച്ചവടം തന്നെയായി മാറും. പശ്ചിമഘട്ടത്തെ ഒരു ആവാസവ്യവസ്ഥ എന്ന നിലയിൽ അതെങ്ങനെയാണ് സംരക്ഷിക്കാൻ പോകുന്നത്? ചുരുക്കത്തിൽ HLWG യുടെ റിപ്പോർട്ട് WGEEPയുടെ റിപ്പോർട്ടിനെ വിശകലനം ചെയ്യുന്നില്ല, പരിപോഷിപ്പിക്കുന്നുമില്ല. പകരം ചില ബദൽ ചട്ടക്കൂടുകളും ശുപാർശകളും മുന്നോട്ടുവയ്ക്കുന്നുവെന്നുമാത്രം.

ഈ രണ്ടു റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ, പശ്ചിമഘട്ടത്തിനു ചുറ്റുമുള്ള പാരിസ്ഥിതിക ഭരണനിർവ്വഹണം ഏതുതരത്തിലുള്ളതാകണം എന്നതിനെക്കുറിച്ച് കൂടുതൽ ചിന്താധാരകൾ ഉയർന്നുവരേണ്ടതുണ്ട്. മൂന്ന് കാര്യങ്ങൾ അതിനായി പരിഗണിക്കാം 1. പശ്ചിമഘട്ട ആവാസവ്യവസ്ഥയുടെ മൂല്യവും അത് നൽകുന്ന സേവനങ്ങളും. 2. ശുപാർശകൾ ഉരുത്തിരിഞ്ഞു വരേണ്ട കൂടിയാലോചനകൾ എത്തരത്തിലുള്ളതായിരിക്കണം. 3.'നടപ്പാക്കാനാവുന്നത്' എന്നതിനപ്പറ്റിയുള്ള വാദങ്ങൾ. ആർക്കുവേണ്ടി, എന്തിന് എന്ന് ഞങ്ങൾ ചോദിക്കുന്നതും ഇതാണ്. ■